LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട്ടുനിന്നും ബാംഗ്ലൂരിലേയ്ക്ക് സ്ഥിരം ബസ് സർവ്വീസ് നടത്താൻ ലൈസൻസ് ലഭിച്ചിട്ടുള്ള സ്വകാര്യ കമ്പനികൾ

67 [4945] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നിന്നും ബാംഗ്ലൂർക്ക് സ്ഥിരമായി സർവ്വീസ് നടത്താൻ ഏതെല്ലാം സ്വകാര്യ ബസ് കമ്പനികൾക്കാണ് ലൈസൻസ് നൽകിയിട്ടുള്ളത്;

(ബി) ഇത്തരത്തിലുള്ള ലൈസൻസ് എടുക്കാതെ സ്വകാര്യകമ്പനികൾ പ്രസ്തുത റൂട്ടിൽ ബസ് ഓടിക്കുന്നതായി ഏതെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) പ്രസ്തുത റൂട്ടിൽ സ്വകാര്യ കമ്പനികൾക്ക് ലൈസൻസ് നൽകിയ വകയിൽ ഗവൺമെന്റിന് ഒരു മാസത്തിൽ എത്ര വരുമാനം ലഭിക്കുന്നുണ്ട് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) കോഴിക്കോട് നിന്നും ബാംഗ്ലൂർക്ക് ബസ് സർവ്വീസ് നടത്താൻ സ്വകാര്യ കമ്പനികൾക്ക് ലൈസൻസ് നൽകിയിട്ടില്ല.

(ബി) പരാതി ലഭിച്ചിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

കെ. എസ്. ആർ. ടി. സി.- യുടെ കാറുകളുടേയും ജീപ്പുകളുടേയും എണ്ണം കുറയ്ക്കാൻ നടപടി

68 [4946] ശ്രീ. കെ. അച്ചുതൻ:
,, സി. പി. മുഹമ്മദ്:
,, കെ. എ. ചന്ദ്രൻ:
,, ടി. എൻ. പ്രതാപൻ:
,, ശ്രീമതി മേഴ്സി രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-ക്ക് സ്വന്തമായി എത്ര കാറുകളും ജീപ്പുകളുമുണ്ട്;

(ബി) ഇവയ്ക്കുവേണ്ടി പ്രതിമാസം ഡ്രൈവറുടെ ശമ്പളമുൾപ്പെടെ എന്ത് ചെലവ് വേണ്ടിവരും;

(സി) കെ. എസ്. ആർ. ടി. സി.-യുടെ കാറുകളുടെയും ജീപ്പുകളുടെയും എണ്ണം കുറയ്ക്കുവാൻ ഉദ്ദേശ്യമുണ്ടോ?

ഉത്തരം

(എ) ആറു കാറുകളും മുപ്പത്തിയാറ് ജീപ്പുകളും ഉണ്ട്.

(ബി) പ്രതിമാസം 2,28,000 രൂപ ചെലവ് വരും.

(സി) പരമാവധി കുറച്ചിട്ടുണ്ട്.

കെ. എസ്. ആർ. ടി. സി. ഡിപ്പോകളുടെ ജപ്തി നടപടി

69 [4947] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം കെ. എസ്. ആർ. ടി. സി. ഡിപ്പോകൾ വിവിധ കോടതികളുടെ ജപ്തി നടപടിക്ക് വിധേയമായിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഈ ഡിപ്പോകളെ ജപ്തി ചെയ്യാൻ കാരണമെന്ത്;

(സി) ഇതിൽ കെ. എസ്. ആർ. ടി. സി.-യുടെ അലംഭാവം എന്താണ് എന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഡിപ്പോകളെ ജപ്തി നടപടികളിൽനിന്നും ഒഴിവാക്കാൻ കെ. എസ്. ആർ. ടി. സി. നാളിതുവരെ എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ചേർത്തല, ആറ്റിങ്ങൽ എന്നീ ഡിപ്പോകൾ.

(ബി) എം. എ. സി. റ്റി. വിധി കടങ്ങൾ യഥാസമയം കെട്ടിവയ്ക്കാൻ കഴിയാത്തതുമൂലം.

(സി) കെ.എസ്.ആർ.ടി.സി.-യുടെ ഭാഗത്ത് അലംഭാവം ഇല്ല. സാമ്പത്തിക ഞെരുക്കം കാരണം ചിലപ്പോൾ വിധി കടങ്ങൾ യഥാസമയം കെട്ടിവയ്ക്കാൻ സാധിച്ചിട്ടില്ല.

(ഡി) കോടതിയെ സമീപിച്ച് ജപ്തി നടപടിയിൽനിന്നും ഒഴിവാക്കാൻ സമയം ആവശ്യപ്പെട്ടിരിക്കയാണ്.

പേരൂർക്കട കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ വിവിധ പ്രശ്നങ്ങൾ

70 [4948] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരൂർക്കട ഡിപ്പോയിൽ സർവ്വീസ് നടത്തുന്നതിലേയ്ക്കായി എത്ര ബസ്സുകൾ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ഇവയിൽ എട്ട് വർഷത്തിലേറെ പഴക്കമുള്ള എത്ര ബസ്സുകളുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly